പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2979 **29-10-2026-ൽ മറുപടിയ്ക്ക്**

സി.എം. കിഡ് യു.പി. സ്കോളർഷിപ് പരീക്ഷ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി കെ. കെ. രമ

മറുപടി നൽകിയ മന്ത്രി

ശ്രീ. എൻ. ഷംസുദ്ദീൻ
(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) 2025-26 അധ്യയന വർഷത്തിൽ കേരളത്തിൽ ആകെ എത്ര കുട്ടികളാണ് സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അപേക്ഷിച്ചിരുന്നത്; ഇതിൽ പരീക്ഷ എഴുതിയ കുട്ടികളുടെയും സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെയും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

മറുപടി: 2025-26 അധ്യയന വർഷത്തിൽ കേരളത്തിൽ ആകെ 93,683 കുട്ടികളാണ് സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയ്ക്ക്അപേക്ഷിച്ചിരുന്നത്. ഇതിൽ പരീക്ഷ എഴുതിയ കുട്ടികളുടെയും സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെയും ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധം** ആയി ചേർക്കുന്നു.

(ബി) 2025-26 അധ്യയന വർഷത്തിലെ സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയുടെ കട്ട് ഓഫ് മാർക്കുകൾ ജനറൽ, ഒ.ബി.സി., എസ്.സി., എസ്.ടി. എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

മറുപടി: സി.എം. കിഡ്സ് (യു.പി) പരീക്ഷയിൽ പേപ്പർ I, പേപ്പർ II ഉൾപ്പെടെ ആകെ 70% മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹത ഉണ്ട്. ആയത് പ്രകാരം സി.എം. കിഡ്സ് (യു.പി) പരീക്ഷയ്ക്ക് 70 ആണ് കട്ട് ഓഫ് മാർക്കായി നൽകിയിട്ടുള്ളത്.

(സി) 2025-26 അധ്യയന വർഷത്തിൽ നടന്ന സി.എം. കിഡ് യു.പി. സ്കോളർഷിപ്പ് പരീക്ഷയിൽ റദ്ദാക്കിയ ചോദ്യങ്ങളുടെ മാർക്ക് എല്ലാ കുട്ടികൾക്കും നൽകിയാണോ അതോ റദ്ദാക്കിയ ചോദ്യങ്ങൾ ഒഴിവാക്കിയുള്ള ആകെ മാർക്കിന്റെ അടിസ്ഥാനത്തിലാണോ കട്ട് ഓഫ് നിർണ്ണയിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: സി.എം കിഡ്സ് യു പി പരീക്ഷ ഒ.എം.ആർ രീതിയിലാണ് നടത്തി വരുന്നത്. ചോദ്യങ്ങൾ റദ്ദാക്കേണ്ടി വരുമ്പോൾ റദ്ദാക്കിയ ചോദ്യങ്ങളുടെ മാർക്ക് ഉൾപ്പെടെ നൽകിയാണ് കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നത്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ ചോദ്യം റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ ആ ചോദ്യത്തിന്റെ മാർക്ക് എല്ലാ കുട്ടികൾക്കും ലഭ്യമാകും.

സെക്ഷൻ ഓഫീസർ